TB MOVIE PANEL WEEKLY REVIEW

**#MoviePanel**

Saajan Bakery Since 1962

Written By : Jithin Sreedhar

റാന്നിയിലെ ഒരു പഴയ തറവാട്ടിൽ ഇപ്പോൾ താമസിക്കുന്ന മൂന്ന് പേരാണ് ബെസ്റ്റിയും, ബോബനും, അവരുടെ അങ്കിൾ ആയ ചെറിയാനും. മൂന്ന് പേരും കൂടി, ബെസ്റ്റിയുടെയും, ബോബന്റെയും അച്ഛനായ സാജൻ, പേര് സൂചിപ്പിക്കുന്നത് പോലെ 1962ൽ തുടങ്ങിയ ബേക്കറി ബിസിനസ്സ് ഇന്നും തുടർന്ന് പോരുന്നു. ബെസ്റ്റി, തന്റെ ഭർത്താവും ആയി പൊരുത്തക്കേട് ഉള്ളതിനാൽ ഒരു വർഷം ആയി നാട്ടിൽ തന്നെ ആണ് താമസം. ബോബൻ ആകട്ടെ ബേക്കറി ബിസിനസ്സ് പോരാതെ മറ്റൊരു ബിസിനസ്സിലും കൈ വെച്ച് സാമ്പത്തികമായി അത്ര മെച്ചം അല്ലാതെ നിൽക്കുന്ന സമയം. കഴിഞ്ഞ പ്രളയത്തിനെ കുറ്റം പറഞ്ഞു ആശ്വസിക്കാൻ നോക്കുന്നുണ്ട് എങ്കിലും, പൊതുവെ ഒരു മടിയൻ ആയ ബോബൻ, എങ്ങനെയും ഈ നാട് ഉപേക്ഷിച്ചു, ഓസ്ട്രേലിയയിലേക്ക് കുടിയേറാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തി ആണ്. ആ ബോബന്, ബെസ്റ്റി ഒരു ഭാരമാണ് എന്ന് പറയേണ്ടത് ഇല്ലല്ലോ. അത് കൊണ്ട് പെങ്ങളെ എത്രയും വേഗം തിരികെ ഭർത്താവിന്റെ അടുത്തേക്ക് അയക്കുക എന്നത് ബോബന്റെ ഉടൻ നടപ്പിലാക്കേണ്ട പദ്ധതികളിൽ ഒന്നാണ്. ഇവർക്ക് ഇടയിലേക്ക് ആണ് നായികയായ മെർലിൻ കടന്ന് വരുന്നത്. തുടർന്നു അവരുടെ കുടുംബത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ആണ് സിനിമ പറയുന്നത്.

ധ്യാൻ ശ്രീനിവാസനും, വൈശാഖ് സുബ്രഹ്മണ്യനും ചേർന്ന് നിർമിച്ച സിനിമ സംവിധാനം ചെയ്തിരിക്കുന്നത് അരുൺ ചന്തു ആണ്. നായകനായ അജു വർഗീസ് കൂടി ചേർന്ന് എഴുതിയ സിനിമയുടെ കഥ പറഞ്ഞു വരുമ്പോൾ അത്ര പുതുമ ഒന്നും അവകാശപെടാൻ ഇല്ല എന്നത് ആണ് സത്യം. പലപ്പോഴും ഒരു നിവിൻ പോളി ചിത്രത്തിന് വേണ്ട ചേരുവകൾ എല്ലാം നിറച്ച തിരക്കഥ എന്ന് വരെ തോന്നിപ്പോയി. എന്നാലും സിനിമ ഇഷ്ടപ്പെട്ടു. എടുത്ത് പറയേണ്ടത് മലയാളത്തിൽ ഇത് വരെ അങ്ങനെ പരീക്ഷിച്ചു കണ്ടിട്ട് ഇല്ലാത്ത, 4th wall breaking എന്ന തിരക്കഥാ രൂപത്തെ കുറിച്ചാണ്. അതായത് സിനിമയിലെ ഒരു പ്രധാന കഥാപാത്രം കഥാ ഗതിയിൽ ഇടക്കിടെ പ്രേക്ഷനോട് നേരിട്ട് സംസാരിക്കുന്ന രീതി. അതി പ്രസരം ഒന്നും ഇല്ലാതെ അച്ചടക്കത്തോടെ തന്നെ അത് കൈ കാര്യം ചെയ്തിരിക്കുന്നു. പക്ഷെ, എല്ലാവർക്കും ആ അവതരണ രീതി ഉൾക്കൊള്ളാൻ കഴിയണം എന്നില്ല താനും.

തന്റെ കഥാപാത്രം വളരെ നന്നായി തന്നെ അജു വർഗീസ് ചെയ്തു

എങ്കിലും നേരത്തെ പറഞ്ഞത് പോലെ ഒരു "നിവിൻ പോളി" ടൈപ്പ് നായകനായിരുന്നു ആ കഥാപാത്രത്തിന് അനുയോജ്യമായിരുന്നത്. ഗണേഷ് കുമാർ തന്റെ റോൾ ആവറേജ് മാത്രം ആക്കിയപ്പോൾ, ബെസ്റ്റിയുടെ റോൾ ലെനയുടെ കൈകളിൽ സുരക്ഷിതമായിരുന്നു. നായികയായി എത്തിയ രഞ്ജിത, ജാഫർ ഇടുക്കി, ഭഗത് മനുവൽ, രമേഷ് പിഷാരടി, എന്നിവരും നന്നായിരുന്നു. കൂടാതെ വരും കാല മലയാള സിനിമയിൽ കരുത്തുറ്റ കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ സാധ്യതയുള്ള ആനന്ദ് മന്മഥൻ എന്ന ഒരു പുതുമുഖ നടന്റെ, വക്കീൽ കഥാപാത്രത്തെയും എടുത്ത് പറയേണ്ടത് ഉണ്ട്. സിനിമയിൽ പഴയ ബേക്കറി പരസ്യങ്ങളുടെ ശൈലിയിൽ എടുത്തിട്ട് ഉള്ള ഒരു പാട്ട്, എവിടൊക്കെയോ ഒരു നൊസ്റ്റാൾജിയ പകർന്നു തന്നു എന്നു കൂടി പറഞ്ഞു കൊള്ളട്ടെ.

ഏതായാലും സിനിമ പ്രൈമിൽ ലഭ്യമാണ്. Must watch movie ഒന്നും അല്ല എങ്കിലും, സമയം ഉണ്ടെങ്കിൽ, കണ്ടിരിക്കാവുന്ന ഒന്ന് തന്നെ ആണ് എന്ന് കൂടി പറഞ്ഞു കൊണ്ട് നിർത്തട്ടെ. മറ്റൊരു സിനിമയും ആയി അടുത്ത ആഴ്ച !